# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3611** **30/01/2014-ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനത്തിൽ ചീനവല നഷ്ടപ്പെട്ടവർക്ക് സഹായം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത വീതികൂട്ടി സർവ്വേ ചെയ്തപ്പോൾ എത്ര ലൈസൻസുള്ള ചീനവലകൾ ഒഴിപ്പിക്കപ്പെട്ടു; ഒഴിപ്പിക്കപ്പെട്ട ചീനവലകൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയുടെ വികസനത്തിനായി 505 ഊന്നി/ചീന വലകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒഴിപ്പിക്കപ്പെട്ട ലൈസൻസുള്ള ഊന്നി/ചീനവല ഉടമകൾക്ക് 2,50,000/- രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. ലൈസൻസുള്ള വലകൾക്ക് 2,50,000/- രൂപയും ലൈസൻസില്ലാത്ത വലകൾക്ക് 1,25,000/- രൂപയും നഷ്ടപരിഹാരം നൽകി വരുന്നു. ഈ ആവശ്യത്തിനായി 1060 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതലായി ആവശ്യമായ തുക (7.6 കോടി രൂപ) വകയിരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ഒഴിപ്പിക്കപ്പെട്ട ചീനവലക്കാരുടെ കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് തൊഴിൽ നൽകി എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | പരിഗണനയിലില്ല. |
| (സി) ജീവനോപാധിയായ ചീനവല നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ആഫീസർ